(ഡി) കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനം ഉൾക്കൊള്ളിച്ചുകൊണ്ട് 29-10-2005-ൽ കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്. ബന്ധപ്പെട്ട സി. ഡി. ഫയലുകൾ 16-11-2005-ൽ സി.ബി.ഐ.ക്ക് കൈമാറിയിട്ടുണ്ട്. സി.ബി.ഐ.യിൽ നിന്നും അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

## യാചക നിരോധനം കർശനമാക്കാൻ നടപടി

109 [865] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളെ ഉപയോഗിച്ച് ഭിക്ഷാടനം നടത്തുന്ന മാഫിയാ സംഘങ്ങളെപ്പറ്റി വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജുവനൈൽ ജസ്റ്റീസ് ആക്ട് സെക്ഷൻ 24 അനുസരിച്ച് കുട്ടികളെ ഭിക്ഷാടനത്തിന് ഉപയോഗിക്കുന്നവർ ശിക്ഷാർഹമായ കുറ്റമാണ് ചെയ്യുന്നത്. അത്തരക്കാരെ വാറണ്ടില്ലാതെ തന്നെ അറസ്റ്റു ചെയ്ത് മേൽ നടപടികൾ സ്വീകരിക്കുവാൻ ജുവനൈൽ ജസ്റ്റീസ് ആക്ട് സെക്ഷൻ 27 പ്രകാരം പോലീസിന് അധികാരമുണ്ട്. ഇതനുസരിച്ച് ഇത്തരക്കാരെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

## ദാവോസ് സമ്മേളനത്തിൽ മുഖ്യമന്ത്രിയോടൊപ്പം പങ്കെടുത്തവർ

110 [866] ശ്രീ. ടി. എം. ജേക്കബ്:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വിറ്റ്സർലാന്റിലെ ദാവോസിൽ നടന്ന സമ്മേളനത്തിൽ മുഖ്യമന്ത്രിയോടൊപ്പം പങ്കെടുത്തവർ ആരെല്ലാമാണ്;

(ബി) സൗദി സംഘവുമായി സ്വിറ്റ്സർലാന്റിലെ ദാവോസിൽ മുഖ്യമന്ത്രി ചർച്ച നടത്തിയിരുന്നോ;

(സി) എന്ത് കാര്യമാണ് ചർച്ച നടത്തിയത്;

(ഡി) കേരള സർക്കാരിന്റെ ഏതെല്ലാം സംരംഭങ്ങളിൽ കൊച്ചിയിലെ മേത്തർ കൺസ്ട്രക്ഷൻ ഉടമയായ ഷാഹിമേത്തർ പങ്കെടുക്കുന്നുണ്ട്. ഇദ്ദേഹത്തിന് സംസ്ഥാന സർക്കാരോ സർക്കാരുമായി ബന്ധപ്പെട്ട ഏതെങ്കിലും സ്ഥാപനങ്ങളോ എന്തെങ്കിലും ചുമതല ഏൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദാവോസിൽ നടന്ന സമ്മേളനത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തത് ഞാൻ മാത്രമാണ്. എന്നോടൊപ്പം കേരളത്തിൽ നിന്ന് സർക്കാർ ചെലവിൽ മുഖ്യമന്ത്രിയുടെ സെക്രട്ടറി ശ്രീ. ദിനേശ് ശർമ്മയും സ്വന്തം ചെലവിൽ എന്റെ മകൾ അച്ചു ഉമ്മനും അനുഗമിച്ചിരുന്നു..

(ബി) സൗദി സംഘത്തിന്റെ ക്ഷണപ്രകാരം ഞാൻ അവരുടെ ഡിന്നർ സൽക്കാരത്തിൽ പങ്കെടുക്കുകയും ചർച്ച നടത്തുകയും ചെയ്തു.

(സി) സൗദി ഇൻവെസ്റ്റേഴ്സിനെ കേരളത്തിലേക്ക് നിക്ഷേപത്തിനായി ക്ഷണിക്കുകയും സൗദി ഗവൺമെന്റ് ഏറ്റെടുക്കുന്ന ബൃഹത്തായ infrastructure project-ൽ (ഏതാണ്ട് രണ്ട് ലക്ഷം കോടി രൂപയോളം മുതൽമുടക്കുള്ള) മലയാളികൾക്ക് തൊഴിലവസരങ്ങളിൽ മുൻഗണന നൽകണമെന്ന് അഭ്യർത്ഥിക്കുകയുമാണ് ചെയ്തത്.

(ഡി) കേരള സർക്കാരിന്റെ ഒരു സംരംഭത്തിലും ശ്രീ. ഷാഫിമേത്തർ പങ്കെടുക്കുന്നില്ല. പങ്കാളികളും അല്ല. ശ്രീ. ഷാഫിമേത്തറെ സംസ്ഥാന സർക്കാരോ, സർക്കാരുമായി ബന്ധപ്പെട്ട ഒരു സ്ഥാപനത്തിന്റെയും ചുമതല ഏൽപ്പിച്ചിട്ടില്ല.

ഹർത്താൽമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ

111 [867] ശ്രീ. കെ. മോഹൻ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹർത്താൽമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ആശ്വാസം നൽകുന്നതിന് രാഷ്ട്രീയ പാർട്ടികൾക്ക് ഉത്തരവാദിത്വമുണ്ടെന്നും സർക്കാർ സംവിധാനം നിയമ വിരുദ്ധ സമരങ്ങൾക്ക് മുന്നിൽ നിഷ്ക്രീയമാകരുതെന്നുമുള്ള ജനുവരി ഒന്നിലെ ബഹു. കേരളാ ഹൈക്കോടതിയുടെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവർത്തിച്ചുണ്ടാകുന്ന ബന്ദുകൾ, ഹർത്താലുകൾ, പണിമുടക്കുകൾ, ആഫീസ് ഉപരോധങ്ങൾ, റോഡ് ഗതാഗത തടസ്സങ്ങൾ, അതിക്രമങ്ങൾ എന്നിവ ഒഴിവാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ;

(സി) കഴിഞ്ഞ നാലര വർഷക്കാലത്തിനിടയിൽ ഇത്തരം സമര പരിപാടികളിലൂടെ സംസ്ഥാനത്തിനുണ്ടായ പൊതുമുതൽ നഷ്ടവും ഇതര ബുദ്ധിമുട്ടുകളും എത്ര എന്ന് കണക്കാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) 2001 മേയ് മാസത്തിനുശേഷം സംസ്ഥാനാടിസ്ഥാനത്തിൽ എത്ര ഹർത്താൽ, ബന്ദ്, പണിമുടക്ക് എന്നിവ നടത്തപ്പെട്ടു;

(ഇ) ഇവ ആഹ്വാനം ചെയ്തത് ആരെല്ലാമെന്ന് അറിയിക്കാമോ;

(എഫ്) ഈ കാലയളവിനുള്ളിൽ സർക്കാർ പൊതുമേഖല ഓഫീസുകളുടെ പ്രവർത്തന സ്തംഭനം, ഉപരോധം, ഘെരോവോ, അതിക്രമം എന്നിവയുടെ പേരിൽ എത്ര കേസുകളെടുത്തിട്ടുണ്ട്;

(ജി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly